**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1531** **07-02-2023 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പ്രളയത്തിലും ഉരുൾപ്പൊട്ടലിലും വീടും സ്ഥലവും നഷ്ടപെട്ടവർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | 2021 ഒക്ടോബർ മാസമുണ്ടായ പ്രളയത്തിലും ഉരുൾപ്പൊട്ടലിലും പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് അനുവദിച്ച നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | 2021 ഒക്ടോബർ മാസത്തിലെ പ്രളയത്തിലും ഉരുൾ പൊട്ടലിലും പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട് അപേക്ഷ സമർപ്പിച്ച 92 കുടുംബങ്ങളിൽ 89 കുടുംബങ്ങൾക്ക് വസ്തു വാങ്ങുന്നതിനായി 6,00,000/- (ആറു ലക്ഷം) രൂപാ വീതം കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന 3 അപേക്ഷകളിൽ വസ്തുവാങ്ങിയതിന്റെ ആധാരം ഹാജരാക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്. കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുള്ള നാലു ലക്ഷം രൂപാ വീതം അനുവദിക്കുന്നതിന് ഫണ്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള കോട്ടയം ജില്ലാ കളക്ടറുടെ അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | വീട് നിർമ്മിക്കുന്നതിനായി എത്ര കുടുംബങ്ങൾക്കാണ് നഷ്ട പരിഹാര തുക പൂർണമായും അനുവദിച്ചിട്ടുള്ളതെന്നും ഇനിയും എത്ര കുടുംബങ്ങൾക്കാണ് നഷ്ട പരിഹാരം ലഭ്യമാക്കാനുള്ളതെന്നും വ്യക്തമാക്കുമോ; | (ബി) | പൂർണ്ണമായും വീട് നഷ്ടപ്പെട്ട 46 കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി നാലു ലക്ഷം രൂപാ അനുവദിച്ചിട്ടുള്ളതാണ്. 2 കുടുംബങ്ങൾക്ക് ഇനിയും ധനസഹായം അനുവദിക്കാനുണ്ട്. |
| (സി) | നഷ്ടപരിഹാരം പൂർണ്ണമായും വിതരണം ചെയ്യുന്നതിന് എന്നത്തേക്ക് സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ